"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - വിതുര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ നോൺ വൊക്കേഷണൽ ടീച്ചർ (കെമിസ്ട്രി) ആയിരുന്ന ശ്രീമതി രാജശ്രീ സി.ആർ.ന് 01.11.2019 മുതൽ 31.10.2020 വരെ മുൻകാല പ്രാബല്യത്തിൽ ശൂന്യവേതനാവധി ദീർഘിപ്പിച്ചും 26.03.2024 മുതൽ 02.04.2024 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2560/2026/GEDN തീയതി,തിരുവനന്തപുരം, 08-04-2026

പരാമർശം:-

1. 25.02.2021 തീയതിയിലെ സ.ഉ.(സാധാ)നം.1929/2021/പൊവിവ നമ്പർ സർക്കാർ ഉത്തരവ്.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.03.2026 തീയതിയിലെ VHSE/413/2024-E7 നമ്പർ നടപടിക്രമം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.06.2024, 18.03.2026 എന്നീ തീയതികളിലെ വിഎച്ച്എസ്ഇ/413/2024-ഇ7 നമ്പർ കത്ത്.

**ഉത്തരവ്**

വിതുര, ഗവ. വി.എച്ച്.എസ്.എസ്.ലെ നോൺ വൊക്കേഷണൽ ടീച്ചറായ ശ്രീമതി.രാജശ്രീ സി.ആർ.ന് പരാമർശം (1) പ്രകാരം കെ.എസ്.ആർ ഭാഗം I, അനുബന്ധം XII A, ചട്ടം 9 ൽ ഇളവ് വരുത്തി ടി ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി 01.11.2020 മുതൽ 25.03.2024 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീമതി.രാജശ്രീ സി.ആർ 30.04.2025 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചു. കെ.എസ്.ആർ ഭാഗം I അനുബന്ധം XII A ചട്ടം 6 പ്രകാരം വിരമിക്കൽ തീയതിക്ക് മുമ്പ് 12 മാസത്തിനപ്പുറം *അവധി* ദീർഘിപ്പിക്കുവാൻ കഴിയുകയില്ല. എന്നാൽ ശ്രീമതി.രാജശ്രീ സി.ആർ നെ ഗവ. റീജിയണൽ ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, താനൂരിലെ ഒഴിവിലേക്ക് നിയമിക്കുകയും 28.02.2024 പൂർവ്വാഹ്നത്തിൽ ജോലിയിൽ പുനഃപ്രവേശിപ്പിക്കുകയും നോൺവൊക്കേഷണൽ ടീച്ചറായ ശ്രീമതി.രാജശ്രീ സി.ആർ.ന് അനുവദിച്ച ശൂന്യവേതനാവധിയുടെ ഉപയോഗിക്കാത്ത ഭാഗമായ 29.02.2024 മുതൽ 25.03.2024 വരെയുള്ള കാലയളവ് റദ്ദ് ചെയ്യുവാനുള്ള അപേക്ഷ പരാമർശം 3 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി രാജശ്രീ സി.ആർ.-ന് 01.11.2019 മുതൽ 31.10.2020 വരെ കെ.എസ്.ആർ.ഭാഗം 1 അനുബന്ധം XII A ചട്ടം 9-ൽ ഇളവ് വരുത്തിയും, ടി ചട്ടത്തിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായും, മുൻകാല പ്രാബല്യത്തിൽ ശൂന്യവേതന അവധി ദീർഘിപ്പിച്ച് നൽകാവുന്നതാണെന്നും 22.04.2021 ലെ ജെ1/289/2019/പൊ.വി.വ. നമ്പർ സർക്കുലർ പ്രകാരം അക്കാഡമിക്ക് വർഷത്തിന്റെ അവസാനം ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ടിയാളെ 28.02.2024 ൽ ജോലിയിൽ പുനഃപ്രവേശിപ്പിച്ച ഉത്തരവ് റദ്ദ് ചെയ്യേണ്ടതും, 25.02.2021 ലെ സ.ഉ. (സാധാ) നം. 1929/2021/പൊ.വി.വ പ്രകാരം 25.03.2024 വരെ അനുവദിച്ച അവധിക്ക് ശേഷമുള്ള 26.03.2024 മുതൽ 02.06.2024 വരെയുള്ള കാലയളവ് 26.03.2024 ന് മുൻപ്, ടിയാൾ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയിട്ടുള്ള പക്ഷം മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം നോൺഡ്യൂട്ടി ആയും, അല്ലാത്ത പക്ഷം മുൻകാല സർവ്വീസ് നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായും ക്രമീകരിച്ച് നൽകാവുന്നതുമാണ് എന്നും വിലയിരുത്തുകയും ശ്രീമതി. രാജശ്രീ സി. ആർ. 28.02.2024 ൽ ജോലിയിൽ പുനഃപ്രവേശിപ്പിച്ച ഉത്തരവ് റദ്ദ് ചെയ്യുവാനും പ്രൊബേഷൻ പൂർത്തിയാക്കിയ തീയതി റിപ്പോർട്ട് ചെയ്യുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നല്കുകയും ചെയ്തു. ശ്രീമതി. രാജശ്രീയെ പുനഃപ്രവേശിപ്പിച്ച ഉത്തരവ് പരാമർശം 2 പ്രകാരം റദ്ദ് ചെയ്തതായും പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി 03.08.2009 പൂർവാഹ്നം പ്രാബല്യത്തിൽ ആണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ ശ്രീമതി രാജശ്രീ സി.ആർ.-ന് 01.11.2019 മുതൽ 31.10.2020 വരെ കെ.എസ്.ആർ.ഭാഗം 1 അനുബന്ധം XII A ചട്ടം 9-ൽ ഇളവ് വരുത്തിയും, ടി ചട്ടത്തിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായും, മുൻകാല പ്രാബല്യത്തിൽ ശൂന്യവേതന അവധി ദീർഘിപ്പിച്ചും 25.02.2021 ലെ സ.ഉ. (സാധാ) നം. 1929/2021/പൊ.വി.വ പ്രകാരം 25.03.2024 വരെ അനുവദിച്ച ശൂന്യവേതനാവധിക്ക് ശേഷമുള്ള 26.03.2024 മുതൽ 02.06.2024 വരെയുള്ള കാലയളവ് 26.03.2024 ന് മുൻപ്, ടിയാൾ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളതിനാൽ മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം നോൺഡ്യൂട്ടി ആയി ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ
ജോയിന്റ് സെക്രട്ടറി

ശ്രീമതി രാജശ്രീ സി.ആർ., ചിത്തിര, ടിസി 5/1947(4), അമ്പലമുക്ക്, കവടിയാർ പി.ഒ., തിരുവനന്തപുരം-695 003
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി വിഭാഗം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 08-04-2026 12:30:04

സെക്ഷൻ ഓഫീസർ

പകർപ്പ്:- പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്